പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5375

01.07.2019 ൽ മറുപടിക്ക്

## സിമന്റിന്റെ വില വർദ്ധനവ്

ചോദ്യം
ശ്രീ.ആർ. രാമചന്ദ്രൻ

മറുപടി
ശ്രീ.ഇ.പി.ജയരാജൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സിമന്റിന്റെ വില വർദ്ധനവ് രൂക്ഷമാകുന്നതുമൂലം നിർമ്മാണ മേഖലയിൽ തൊഴിലില്ലായ്മ രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉം ബി) ഉം | സിമന്റിന്റെ വിലവർദ്ധിക്കുന്നത് നിർമ്മാണ മേഖലയെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടന്നു വരുന്ന വിവിധ വികസന പ്രവർത്തനങ്ങളുടെ ഭാഗമായും, സംസ്ഥാനം നേരിട്ട മഹാ പ്രളയത്തിനു ശേഷമുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയുടെ അടിസ്ഥാനത്തിലും നിർമ്മാണ മേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ച സിമന്റിന്റെ ഉപയോഗത്തിൽ വൻ വർദ്ധനവിന് കാരണമായിട്ടുണ്ട്. എന്നാൽ സിമന്റിന്റെ വില വർദ്ധനവ് പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | സിമന്റിന്റെ വില വർദ്ധനവ് പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുള്ളതായി വ്യവസായ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | | |
| സി) | സംസ്ഥാനത്തെ പൊതുമേഖലാ സിമന്റ് കമ്പനികളുടെ ഉൽപാദനം വർദ്ധിപ്പിച്ച് ന്യായവിലയ്ക്ക് സിമന്റ് വിപണിയിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | സി) | സംസ്ഥാനത്തെ ഏക പൊതുമേഖലാ സിമന്റ് നിർമ്മാണ കമ്പനിയാണ് മലബാർ സിമന്റ്സ് ലിമിറ്റഡ്. കേരളത്തിൽ മലബാർ സിമന്റിന്റെ വിപണി വിഹിതം കേരളത്തിൽ ഉപയോഗിക്കുന്ന സിമന്റിന്റെ 5 മുതൽ 8 ശതമാനത്തോളമാണ്. കേരളത്തിൽ സിമന്റിന്റെ വില ഉയരാതെ നിയന്ത്രിക്കുന്നതിൽ മലബാർ സിമന്റ്സ് വളരെ നിർണ്ണായകമായ ഒരു പങ്കു വഹിക്കുന്നുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിൽ ഉല്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനും, യൂണിറ്റുകൾ നവീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സിമന്റ് വില ക്രമാതീതമായി വർദ്ധിപ്പിക്കുന്നത് നിയന്ത്രിക്കുന്നത് സംബന്ധിച്ച് സിമന്റ് നിർമ്മാതാക്കളുടെയും സിമന്റ് വ്യാപാരികളുടെയും (dealers) യോഗങ്ങൾ 29/7/2016, 10/5/2017, 22/11/2018, 19/2/2019 എന്നീ തീയതികളിൽ വിളിച്ചു ചേർക്കുകയും സിമന്റ് വില കുറയ്ക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ